# CLICK



A DIGITAL MAGAZINE

By LITTLE KITES

AHS PAREL MAMPATTUMOOLA

2020

# ആമുഖം

വിവരവിനിമയ സാങ്കേതിക രംഗത്ത് പുതിയ മേഖലകൾ പരിചയപ്പെടാൻ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ തുറന്നു തരുന്ന ലിറ്റിൽ കൈറ്റ്സ്  ക്ലബ്ബിന്റെ ഡിജിറ്റൽ  മാഗസിൻ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു.

# വിവരവിനിമയ സാങ്കേതിക വിദ്യ

കമ്പ്യൂട്ടറോ മൈക്രോപ്രോസസർ അടിസ്ഥാനമാക്കിയുള്ള മറ്റുപകരണങ്ങളോ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുക, സൂക്ഷിച്ചുവെക്കുക, അയക്കുക എന്നിങ്ങനെ പലവിധത്തിൽപാകപ്പെടുത്തുന്ന ശാസ്ത്ര സാങ്കേതിക വിദ്യയെ ഇൻഫർമേഷൻ ടെക്നോളജി അഥവാ വിവര സാങ്കേതിക വിദ്യ എന്നു വിളിക്കുന്നു. ഇൻഫോർമേഷൻ ടെക്നോളജി അസോസ്സിയേഷൻ ഓഫ് അമേരിക്കയുടെ നിർവചനമനുസരിച്ച് കമ്പ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള ഇൻഫോർമേഷൻ സിസ്റ്റംസിന്റെ പഠനം,രൂപകൽപ്പന,നിർമ്മാണം,അതിന്റെ ഇംപ്ലിമെന്റെഷൻ,നിയന്ത്രണം എന്നിവക്കു പൊതുവെ പറയുന്ന പേരാണ് ഐ.ടി അഥവാ ഇൻഫോർമേഷൻ ടെക്നോളജി.

# വിവര സാങ്കേതിക വിദ്യയുടെ ചരിത്രം

റാലിസ്റ്റിക് എന്നതിന്റെ രൂപത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് ആയിരകണക്കിനു വർഷങ്ങളോളം കണക്ക്കൂട്ടലിൽ സഹായിക്കാനായിഉപയോഗിക്കപ്പെട്ടു.ആന്റി കൈത്തറ സാങ്കേതിക വിദ്യയായിരുന്നു ബി.സി.ഇ ഒന്നാം നൂറ്റാണ്ടിൽ പോലും ഉപയോഗിച്ചിരുന്ന ആദ്യ അനലോഗ് കമ്പ്യൂട്ടർ. ഇത് ഏറ്റവും ആദ്യം അറിയപ്പെട്ട ഗിയർ പ്രവർത്തക സംവിധാനമായിരുന്നു.വാൽവുകളും സ്വിച്ചുകളും ഉപയോഗിച്ചുള്ള ഇലക്ട്രോണിക് കമ്പ്യൂട്ടുകൾ 1940 കളിൽ ആണു പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്.

# പൊതു വിവരങ്ങൾ

വിവര സാങ്കേതിക വിദ്യ ലോകം വളരെ വിശാലമാണ്. അതിൽ ധാരാളം മേഖലകൾ ഉൾപ്പെടുന്നു പ്രക്രിയകൾ,കമ്പ്യൂട്ടർ സോഫ്റ്റ് വെയർ,കമ്പ്യൂട്ടർ ഹാർഡ് വെയർ, പ്രോഗ്രാമിങ് ഭാഷകൾ,ഡാറ്റ കൺസ്ട്രക്ടുകൾ മുതലായവ ഇതിൽ പെടും. എന്നാൽ ആ ലോകം ഇതിൽമാത്രം പരിമിതമല്ല.ചുരുക്കത്തിൽ ഡാറ്റയെ സംബന്ധിക്കുന്നതെല്ലാം,വിവരങ്ങളോ,അറിവോ,ദൃഷ്ടിഗോചരമായതോ,ശബ്ദ ചിത്ര ചലചിത്ര മിശ്രിതമായതോ എല്ലാം തന്നെ വിവര സാങ്കേതിക വിദ്യയെന്ന പ്രവൃത്തി മണ്ഡലത്തിൽ ഉൾപ്പെടുന്നു.

ഷഹാന ഷെറിൻ
9.D

# ദൈവത്തിന്റെ സ്വന്തം നാട്

## പ്രളയ ദുരിതങ്ങൾ

ഒരിക്കലും മറക്കാൻ കഴിയാതെ കുറെ ജീവനുകൾ കവർന്നാണ് പ്രളയം കേരളത്തെ വിഴുങ്ങിയത്.2018-19 എന്നി വർഷങ്ങളിൽ നടന്ന പ്രളയം ആരും മറക്കാതെ ഇന്നും ഓർത്തിരിക്കുകയാണ്.അതിൽ നിന്നും കര കയറാൻ കഴിയാതെ വിശമിക്കുന്ന പലരും ഇന്നുമുണ്ട്.പ്രളയത്തെ നമുക്ക് അതിജീവിക്കാൻ കഴിഞ്ഞത് കേരള ജനതയുടെ ഐക്യവും സ്നേഹവും മൂലമാണ്.

## കേരളം

കേരളത്തെ അറിയപ്പെടുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നാണ്.ആ പേര് നമ്മുടെ കേരളത്തിന് വരാൻ കുറേ കാരണങ്ങളുണ്ട്.നമ്മുടെ നാടിന്റെ പച്ചപ്പും പ്രകൃതിസൗന്ദര്യവുമാണ് ഏറ്റവും പ്രധാനപ്പെട്ട കാരണം.പക്ഷെ ഇന്ന് ആ പ്രകൃതിയുടെ സൗന്ദര്യം നഷ്ടപ്പെട്ട് കൊണ്ടിരിക്കുകയാണ്.പ്രകൃതി സ്നേഹവും മനുഷ്യന് മനുഷ്യനോടുള്ള സ്നേഹവും മനുഷ്യർക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുമ്പോഴും മനുഷ്യന് മനുഷ്യനെ മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയിലുമാണ് കേരളത്തെ പ്രളയം ഇളക്കി മറിച്ചത്.മനുഷ്യരുടെ മനസ്സിൽ നിന്നും ഇല്ലാതായികൊണ്ടിരുന്ന മനുഷ്യത്തത്തെയും ഐക്യത്തെയും പ്രളയത്തിന് തിരികെ കൊണ്ടുവരാൻ കഴിഞ്ഞു.അന്ന് നശിച്ചുകൊണ്ടിരുന്ന മനുഷ്യരുടെ ഐക്യത്തിനും സ്നേഹത്തിനും പ്രളയം പുതുജീവൻ നൽകി.ഓരോ മനുഷ്യരും തന്റെ സഹോദരങ്ങളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി സ്വയം മറന്ന് പോരാടി.പ്രളയം എന്നത് നമ്മുടെ കേരളത്തിലെ ഒരുപാട് പേരുടെ ജീവൻ കവർന്നെങ്കിലും ജീവിതത്തിൽ വേണ്ടത് ഐക്യവും സ്നേഹവുമാണെന്ന് പ്രളയത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിച്ചു.

## പ്രളയകാരണവും മനുഷ്യരുടെ ഇടപെടലും

നമ്മൾ പ്രകൃതിയെ ഒരുപാട് ചൂഷണം ചെയ്യുന്നുണ്ട്.പ്രളയത്തിന്റ പ്രധാന കാരണമായി മാറിയതും അത് തന്നെയാണ്.നമ്മുടെ അമ്മയായാണ് പ്രകൃതിയെ അറിയപ്പെടുന്നത്.ആ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയുമാണ്.പണ്ടത്തോടുള്ള സ്നേഹത്തിൽ പ്രകൃതിയോടുള്ള സ്നേഹം നാം ഓരോരുത്തരും മറന്ന്പോവുകയാണ്.പ്രകൃതിയെ നാം ഓരോ നിമിഷവും നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്.അത് കാരണമാണ് പ്രളയം ഒരു മുന്നറിയിപ്പായി നമ്മെ തേടിയെത്തിയത്.

SANA.K
9F

# സാമൂഹിക ജീവിതം

ഉറക്കമെണീറ്റത് നേരെ

Whatsapp-ലേക്ക്

വാതോരാതെ Facebook-ലേക്ക്

പ്രസംഗിച്ച്

Messenger-ഹായ് കൊടുത്ത്

ഇറങ്ങി

Twitter-നെ ഹാഷ്ടാഗുകളാൽ

സമ്പന്നമാക്കി

Instagram-ൽ ചിരി സമ്മാനിച്ചപ്പോഴേക്കും

നേരം ഇരുട്ടിയിരുന്നു.

# എഴുത്തുകാരൻ

എഴുത്തുകാരന്റെ ഹൃദയ
മിടിപ്പാണ് ഭാവന
അവന്റെ സമരമാണ്
വായന
അനീതീക്കെതിരെ ചലിക്കുന്നു
അവന്റെ പേന
ദരിദ്രനും മർദ്ദിതനും
പൊരാടാനുള്ള ഊർജം
അവൻ നൽകുന്നു.
സ്നഹവും പ്രേമവും
അവനിൽ വിരിയുന്നു
ദുഃഖവും വിരഹവും അവന്
വാക്കുകളായി മാറുന്നു
ഒടുവിൽ അവനൊരു അവാർഡ്
ലഭിക്കുന്നു.
അസ്വതന്ത്രനായി തീരുന്നു.

അവന്റെ പേനയ്ക്ക്

ചങ്ങല വീഴുന്നു.

എഴുതുമ്പോൾ കൂടുതൽ ആലോചിക്കേണ്ടി വരുന്നു.

# മൗനം

**അജിൻഷ. പി**

*നിൻ മൃദുവാർന്ന സ്വരംകേട്ടിട്ടുണരുമ്പോൾ*

*എൻ മനമാകെ കുളിരേകുന്നു.*

*നിൻ മൗനത്തിൽ ഞാനലിഞ്ഞിടുന്നു.*

*എൻ മൂകത്തിൻ കാരണമതാണന്നറിഞ്ഞും*

*നീ അറിയാതെ പോൽ നടിക്കുന്നുവോ...*

*നിൻ സ്വരം കേൾക്കാൻ കൊതിച്ചിട്ടന്നേരം*

*അറിയാതിതാ മിഴികൾ നനഞ്ഞിടുന്നു.*

*ഇണങ്ങിയും പിണങ്ങിയും തീർന്ന കാലം*

*ഞാനറിയാതെ പോയ്...*

*നിൻ ഓർമകൾ ഒരു പട്ടം*

*പോലെ കാറ്റിലലിഞ്ഞുവെന്ന്....*

*അജിൻഷ.പി*

# സമ്പന്നതയുള്ള കുട്ടിയുടെ ദാരിദ്രത്തിലേക്കുള്ള വഴി

മുഹമ്മദ് ശാമിൽ, മ്ഹമ്മദ് മിൻഹാജ്

ഒരിടത്ത് ഒരു സമ്പന്നൻ ഉണ്ടായിരുന്നു. അയാൾക്കൊരു മകൻ ഉണ്ടായിരുന്നു. അവന്റെ പേര് വിഷ്ണു ശങ്കർ എന്നായിരുന്നു. വിഷ്ണു ജനിച്ചപ്പോൾ അവന്റെ അമ്മ മരണപ്പെട്ടു. അവന്റെ അച്ഛൻ ഇനിയുള്ള പ്രതീക്ഷയും സന്തോഷവും അവനിൽ മാത്രമായിരുന്നു . എല്ലാ സുഖവും സൗഭാഗ്യവുമൊരുക്കി അവനെ വളർത്തി. വിഷ്ണു വളർന്ന് വളർന്ന് പ്രായ പൂർത്തിയായ ഒരു യുവാവായി മാറി. അവന്റെ ആവശ്യങ്ങൾ വർദ്ധിച്ചു തുടങ്ങി.  അവൻ അവന്റെ അച്ഛനോട് ഒരു മൊബൈൽ ഫോൺ ആവശ്യപ്പെട്ടു  അച്ഛൻ ആ ആവശ്യം പൂർത്തീകരിച്ചു. പിന്നീട് അവന്റെ ആവശ്യങ്ങൾ വലുതായി മാറി. അവയെല്ലാം ഒരു എതിർപ്പും പറയാതെ അവന്റെ അച്ഛൻ അത് നിറവേറ്റിക്കൊടുത്തു. പിന്നീട് അത് സംഭവിച്ചു. . . . . . . . . . .

അവന്റെ സ്വഭാവം ദുശിച്ചതും ക്രൂരത നിറഞ്ഞതുമായി മാറി. അത് അവന്റെ അച്ഛൻ അറിഞ്ഞത് അവന്റെ ജീവിത ശൈലിയിലൂടെയും റൂമിുള്ള മോശമായ കാഴ്ചപ്പാടിലൂടെയുമാണ്. അതിന്ന് തക്കതായ ശിക്ഷ  നൽകുകയും  അവന് നേർവഴി കാണിച്ചു കൊടുക്കുകയും ചെ യ്തു.  എന്നിട്ടും വിഷ്ണുവിന്ഒരു മാറ്റവും സംഭവിച്ചില്ല . അച്ഛൻ തന്നെ കൊണ്ട് കഴിയുന്ന വിധം അവനെ നന്നാക്കാൻ നോക്കി. അപ്പോഴേക്കും അവൻ ദുശിച്ച ചിത്രങ്ങളുടേയും ലഹരിയുടേയും

അടിമയായി മാറിയിരുന്നു. ഇത് സഹിക്കാൻ കഴിയാതെ അവന്റെ അച്ഛൻ നെഞ്ച് പൊട്ടി മരണപ്പെട്ടു. അവൻ ജപ്തിയുടേയും കടത്തിന്റേയും ഇടയിലായി. ഇതറിഞ്ഞ അവന്റെ പ്രണയിനി അവനെ ഉപേക്ഷിച്ചു. കൂട്ടുകാർ ഒറ്റപ്പെടുത്തി. അവൻ തികച്ചും ഏകനായി. അവസാനം അവൻ തന്നെ വളർത്തുനായിക്ക് ഭക്ഷണം കൊടുത്തിരുന്ന പാത്രവുമായി തെരുവിലേക്ക് ഇറങ്ങി.

ഷാക്കിബ . കെ. ടി - 9-C

# വായനയും വിദ്യാർത്ഥിയും

തെൻവീറ, സുഹാൻ, ,ഷാമിൽ,സിനാൻ, ഷമീം,

ഒരു വിദ്യാർത്ഥി ഭാവിയുടെ വാഗ്ദാനമാണ്. ഒരു കുടുബത്തിന്റെ , ഒരു സമൂഹത്തിന്റെ , ഒരു രാജ്യത്തിന്റെ പ്രതീക്ഷയാണ് അവൻ . ഇന്നത്തെ വിദ്യാർത്ഥി നാളത്തെ ഉത്തരവാദിത്ത്വമുള്ള പൗരനാണ് .നാളെ ഒരു രാജ്യത്തിന്റെ നെടും തൂണാവാൻ അവനെ സുസജ്ജമാകുന്നത് അറിവ് എന്ന വജ്രായുധമാണ്.അത് നേടാൻ പരന്ന വായനയാണ് അവനെ പര്യാപ്തമാകുന്നത്.

ഒരു വിദ്യാർത്ഥി പാഠപുസ്തകം മാത്രം പഠിച്ചാൽ മതിയെന്നതാണ് പൊതുധാരണ .ഇത് ശരിയല്ല. ഒരു വിദ്യാർത്ഥി തന്റെ ശാരീരകമായ വളർച്ചയ്ക്ക് ഉതകും വിധം മാനസികമായും വളർച്ച പ്രാപിക്കണം. തുടർച്ചയായ വായന അവനിൽ പക്വത വളർത്തുന്നു. വായന അറിവിന്റെ മാസ്മര ലോകത്തേക്കാമ് നയിക്കുന്നത്. അത് അയാളെ സ്വയം അറിയാൻ സഹായിക്കുന്നു. മാത്രമല്ല അവന്റെ വ്യക്തിത്തത്തെ രൂപപെടുത്തുകയും ചെയ്യുന്നു.സോഷ്യൽ മീഡിയയും,മറ്റും കണ്ട് പാഴാകാനുള്ളതല്ല,അവന്റെ ബോധം മത്സരം നിറഞ്ഞ ഈ ലോകത്ത് വായന അവനെ വേറിട്ടു നിർത്തും.അറിവിന്റെ ചക്രവാളം കീഴടക്കാൻ സഹായിക്കുകയും ചെയ്യും.

എത്ര വായിക്കുന്നു എന്നതിലും പ്രധാനമാണ് എന്ത് വായിക്കുന്നു എന്ന് .മനുഷ്യന് സദ്ബുദ്ധി ഉപദേഷിക്കുന്ന പുസ്തകങ്ങളാവണം ഒരു വിദ്യാർതഥിയുടെ തോഴർ . വായനയുടെ ലഹരി പിടിച്ച ഒരുവന് വായന ഉപേക്ഷിക്കാൻ കഴിയില്ല. താൻ വളരുന്നതോടപ്പം തന്റെ വായനയും വളരുന്നത് അവന് മനസ്സിലാക്കാൻ കഴിയും. പാഠപുസ്തകങ്ങൾ മാത്രം പഠിച്ച് തന്റെ ഇടുങ്ങിയ ലോകത്ത് ചടഞ്ഞു കൂടാൻ അവൻ കഴിയില്ല .തന്റെ ചുറ്റുപാടു എന്താണ് നടക്കുന്നതെന്നറിയാൻ കണ്ണും കാതും കൂർപിച്ച് , ഒരു ചോരനും കവരാൻ സാധിക്കാത്ത കൊടുക്കുന്തോറും വർധിക്കുന്ന ധനം അവൻ സദാ സമ്പാദിച്ചു കൊണ്ടിരിക്കും. അതെ , വിദ്യയെന്ന മഹാ ധനം.....

# സമയമായി

സുഹാൻ,തെൻവീറ

ഇനി എത്ര കാലം ഞാൻ
എന്ന് പല തവണ ഓർത്തു
മടുത്തു പോയൻ ജീവിതം
എത്രയോ ഇഷ്ടമാ ഇഷ്ടമില്ലാത്ത-
വിദ്യാലയത്തിലേക്ക് ഞാൻ -
പോവേണ്ടിരിക്കുന്നു...

എന്ന് പലതവണ ഓർത്തു ഞാൻ
ഭൂമി തൻ കാലം കഴിഞ്ഞിരിക്കുന്നു
എത്രയോ പേർ വിട ചൊല്ലി കഴിഞ്ഞു
ഇനിയുള്ളത് ഞനാണെന്നു ഓർത്തു പോയി...
ഇന്ന് ഞാൻ ആഗ്രഹിക്കുന്ന ആ പഴയ -
കാലം തിരിച്ചു എത്തിയിരിന്നെങ്കിൽ
കാണാ ദൂരത്തോളം പരന്ന് കിടന്നിരുന്ന-
വയലുകലും പുൽ മേട്ടകളും ഉള്ളക്കാലം
ശന്തിതൻ സമാദാനമുള്ള കാലം......

***റിൻഷാ ബേബി***

# ഞാൻ നട്ടൊരു

തെൻവീറ, സുഹാൻ

ഞാൻ ആഗ്രഹിച്ച ഒരു തൈ
എനിക്കായി തീർത്ത ആ തൈ....
സൂര്യൻ ചുമരിൽ പതിഞ്ഞു
കണ്ണുകൾ പതിയെ തുറന്നു
എനിക്കായി തീർത്ത ആ തൈ..
ഞാൻ നട്ടു നട്ടു...
കാലങ്ങളേറെ കഴിഞ്ഞു..
മഴക്കാലം എന്നിൽ വിട ചൊല്ലി.....

# കട്ടുറുമ്പ്

അർച്ചന

പണ്ട് ഒരിക്കൽ ഒരു മനോഹരമായ മാനന്തവാടിക്കാട് ഉണ്ടായിരുന്നു.വലിയ മരങ്ങളും എണ്ണിയാൽ ഒടുങ്ങാത്ത അതിലെ പഴങ്ങളും വാരിയെടുക്കാൻ കാട്ടിലെ ഒരുപാട് കുട്ടുകാർ അവിടെ ദിനമായുള്ള വിപുന്നുകാർ ആയിരുന്നു . വളരെ സ്നേഹത്തിലും സൗഹൃദത്തിലും ഉള്ളവരായിരുന്നു. അവരല്ലാവരും അതുകൊണ്ട് തന്നെ അവിടെ എന്നും സ്നേഹത്തിന്റേയും സമാധാനത്തിന്റേയും പുലരിയായിരുന്നു.അങ്ങനെ ഇരിക്കെ കാട്ടിലെ എല്ലാവരും ഒരു സംഘമപരിപാടിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.അങ്ങനെ ചെറുതും വലുതുമായ എല്ലാ ജിവികളും പരിപാടിയിൽ വന്നു ചേർന്നു. പക്ഷേ അവിടെ ഒരാൾ മാത്രം പോയില്ല.അവനാണ് ആ കാട്ടിലെ ദുഷ്ട്നും അഹങ്കാരിയും ആയ കട്ടുറുമ്പ്. അവൻ മറ്റുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തനായിരുന്നു.കാരണം അവൻ ആരേയും  സഹായിക്കുകയില്ല. അവനെ ആരും സഹായിക്കും വേണ്ട എന്നു പറയും സ്വന്തം കാര്യം നോക്കും . അതുകൊണ്ട് അവനെ ആരും കുട്ടുകൂട്ടില്ല. അവൻ ആരോടും മിണ്ടുകയും ഇല്ല.സ്വന്തം കാര്യം നോക്കുക എന്ന അർത്ഥത്തിലാണ് അവന്റെ ഓരോ ചുവടുകളും . അവൻ മറ്റുള്ളവരെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്യുന്നതു കൊണ്ട് അവനെ ആരും ഇഷ്ടപ്പെടുകയോ സ്നേഹിക്കുകയോ ചെയ്തിരുന്നില്ല .അങ്ങനെ ഇരിക്കേ ആണ് മഴക്കാലത്തിന്റെ വരവ് . ഒരു മരത്തിന്റെ താഴെയുള്ള കുഞ്ഞു മാളത്തിലായിരുന്നു കട്ടുറുമ്പിന്റെ താമസം . മരത്തിന് ചുറ്റും നിറയം കുഞ്ഞു മാളങ്ങൾ ഉണ്ടായിരുന്നു. എല്ലാ ഉറുമ്പുകളും ഒരുമിച്ചാണ് ഭക്ഷണശേഖരണത്തിന് പോയിരപന്നത് .മഴക്കാല അവസാനം വരെയുള്ള ഭക്ഷണം ശേഖരിക്കുന്ന തിരക്കിലാണ് കട്ടുറുമ്പ് .അവൻ കുറച്ച് ശേഖരിച്ച ശേഷം  ബാക്കി മറ്റു ഉറുമ്പുകൾ ശേഖരിച്ചതിൽ നിന്ന് മോഷ്ട്ടിച്ച് ആരും കാണാതെ തന്റെ മാളത്തിൽ കൊണ്ടുവെക്കുമായിരു

***ന്നു.   അങ്ങനെ ഇരിക്കെ മഴ ശക്തിപ്പെട്ടു. മഴയുടെ രൗദ്ര ഭാവത്തിന്റെ പ്രത്യാഘാതമായി അവന്റെ വീടും ഓർമയായി. ഒപ്പം ശേഖരിച്ചിരുന്ന ഭക്ഷണവും അവൻ വിഷണ്ണു വലഞ്ഞ് കുറേ നടന്നു എന്നാൽ അവനെയാരും തിരിഞ്ഞുനോക്കിയില്ല .   അങ്ങനെ അവന് മനസ്സിലായി ആരും കൂട്ടിനില്ലെങ്കിലും ആപത്തുവരുമ്പോൾ ആരും ഒപ്പമുണ്ടാകിലില . പിന്നീട് കട്ടുറുമ്പിന്റെ  അഹങ്കാരവും പോയി മറ്റുള്ളവരോടൊപ്പം ഒരു അംഗമാവാനുമിടയായി .***

# സമയമായ്

ഇനി എത്ര കാലം ഞാൻ

എന്ന് പലതവണ ഓർത്തു

മടുത്തുപോയൻ ജീവിതം

എത്രയോ ഇഷ്ട്മാ ഇഷ്ട്ടമില്ലാത്ത

വിദ്യാലയത്തിലേക്ക് പോവേണ്ടിയിരികികുന്നു.

എന്ന് പലതവണ ഓർത്തു ഞാൻ

ഭുമിതൻ കാലം കഴിഞ്ഞിരിക്കുന്നു

എത്രയോ പേർ വിട ചൊല്ലി കഴിഞ്ഞു

ഇനിയുള്ളത് ഞാനാണെന്നോർത്തു പോയി

എന്ന് ഞാൻ ആഗ്രഹിക്കുന്നു

ആ പഴയ കാലം തിരിച്ചെത്തിയിരുന്നെങ്കിൽ

കാണാ ദുരത്തോളം പരന്നുകിടന്നിരുന്ന

വയലുകളും പുൽമേടുകളും ഉള്ള കാലം

ശാന്തിതൻ സമാധാനം ഉള്ള കാലം

റിൻഷ ബേബി

*9C*

# വേനൽ മഴ

ഓർമയിൽ തങ്ങുന്ന കുഞ്ഞുവേനൽ

ഉദിച്ചുയരുന്ന പൊൻ സൂര്യൻ

ചുടായി തഴുകുന്നു എന്നെ ഓരോ കാറ്റിലും

തഴുകുന്ന കാറ്റും ആരെയോ തേടുന്നു

തേടുന്ന വഴികളിൽ കൂരിരുട്ടായി

ഏകയായ് അലയുന്നു കുഞ്ഞു കാറ്റ്

കൂട്ടായ് എത്തുന്ന പൊൻ തൂവലും

വേനലിൽ ആദ്യത്തിൽ പെയ്തിറങ്ങി

ഇലയിൽ തഴുകി മണ്ണിലെത്തി

മണ്ണിലെ ഗന്ധം മനസ്സിലെത്തി

മനസ്സിലാ ഗന്ധം പടർന്നു നിന്നു

എൻ സ്നേഹ മഴ

എൻ പ്രാണനാം മഴ

വേനൽ മഴ

റിൻഷ ബേബി

*9C*

# തേൻമാവ്

എത്രയോ കാലം നീ എനിക്കായ് പൂത്തു
എൻ്റച്ഛനെ പോലെ തണലേകി നിന്നു നീ
എൻ്റമ്മയെ പോലെ താലോലമാട്ടി...
നിൻ വസന്തം എനിക്കായ് നൽകി നീ
കാലങ്ങൾ ഏറെ കഴിഞ്ഞു പോയി
ഇന്നെൻ കണ്ണുകൾ നിന്നിൽ പതിഞ്ഞ നേരം
എൻ കണ്ണുകൾ പതിയെ നിറഞ്ഞു പോയി
ഇനി നിൻ വസന്തം എനിക്കായ് നിൽക്കുമോ ?
ഇനി എന്നു നീ എനിക്കായ് തണലേകി നിൽക്കും
ഇന്നെൻ സ്വപ്നം തകർന്നു പോയി
നിൻ കൂടെ ആ വസന്തകാലം
ആസ്വദിക്കുന്നതാണെൻ്റെ സ്വപ്നം...
എന്നു നീ ഇനിയെൻ്റെ അരികിലെത്തും
നിനക്കായ് കാത്തിരിപ്പൂ ഞാനിവിടം

റിൻഷ ബേബി
9 C

# ഓർമയിൽ മറയാത്ത കാലം

ഹഫ്‌ല

ആരോ എന്നെ പിറകിൽ നിന്ന് വിളിക്കുന്നതുപോലെ തോന്നി . തിരിഞ്ഞ് നോക്കിയപ്പോളതാ അലീസ് സിസ്റ്റർ നിൽക്കുന്നു. എന്താ അലൻ ഇവിടെ നിൽക്കുന്നത് . നിന്നോട് പറഞ്ഞിട്ടില്ലെ എന്റെ കൈവിട്ട് പോകരുതെന്ന് . സോറി സിസ്റ്റർ . സിസ്റ്റർ അങ്ങോട്ട് നോക്കു ആ കുട്ടികളെ കണ്ട് നിന്നതാണ് ഞാൻ . എന്ത് പാവം കുട്ടികളാണവര് അല്ലേ സിസ്റ്റർ. ഹോ അതോ ,ഇതൊക്കെ ഇവരുടെ തട്ടിപ്പല്ലേ.എല്ലാവരുടെ മുമ്പിലും യാചിച്ചിട്ട് വല്ല തട്ടിപ്പുകാർക്കും പണം ഉണ്ടാക്കുകയാണവർ. വാ അലൻ നമുക്ക് പോകാം . അതൊന്നും നമ്മൾ നോക്കണ്ട . ഈ കാഴ്ച്ച എന്റെ മനസ്സിൽ ചില അനുഭവങ്ങൾ ഉണർത്തി . എന്നെ കഴിഞ്ഞുപോയ കാലത്തേക്ക് നയിച്ചു . എല്ലാവരും വേഗം എണീക്ക് നേരം പുലർന്നത് കണ്ടില്ലേ ...? അവരവരുടെ റൂട്ടിലേക്ക് പോകിനെടാ...എന്താടാ നീ എഴുനേൽക്കാത്തേ . ചേട്ടാ അവന് സുഗമില്ല ... അതൊന്നും പറഞ്ഞാൽ പറ്റില്ല . എന്താ ചേട്ടാ അവന് സുഗമില്ലാത്തോണ്ടല്ലേ . എന്നാ ശരി , അവൻ കൊണ്ടുവരുന്ന പണം കൂടി നീ കൊണ്ടുവരുമോ ?എന്താടാ കൊണ്ടുവരുമോ ...? അതെങ്ങനെ കഴിയും ആരും തരില്ല ചേട്ടാ . അതാ അവനോട് പറഞ്ഞത് . എണീക്കെടാ അവിടന്ന് . ചേട്ടാ അവനെ വലിക്കല്ലേ അവൻ എണീറ്റോളും . നീ പോടാ അവിടുന്ന് പോയി ജോലി നോക്കെടാ . ഞാൻ തിരിച്ച് വരുമ്പോഴേക്കും പോയേക്കണം രണ്ടും . എടാ എണീക്ക് ഇവിടെ നമുക്ക് രക്ഷയില്ല . നമ്മുടെ മാതാപിതാക്കൾ ഉണ്ടായിരുന്നെങ്കിൽ ഈ ഗതി നമുക്ക് വരുമായിരുന്നില്ല . വാ നമുക്ക് പോകാം . എടാ എനിക്ക് വിശക്കുന്നു . ഞാൻ ഇപ്പൊ തളർന്ന് വീഴും . എടാ നീ ഇവിടെ ഇരിക്ക് ഞാൻ പോയി വല്ലതും കഴിക്കാൻ കിട്ടുമോ എന്ന് നോക്കട്ടെ . പക്ഷേ ,ടാ... പണം കൊടുത്താലെ എല്ലാവരും ഭക്ഷണം നൽകുകയുള്ളൂ . നമ്മൾ ഉള്ള പണം കൊണ്ട് ഭക്ഷണം വാങ്ങിയാൽ ബോസിന് കൊടുക്കാൻ പണമൊന്നും ഉണ്ടാകില്ല . നമുക്ക് കുറഞ്ഞ പണത്തിന് വല്ലതും കിട്ടുമോന്ന് നോക്കാം . നീയും വാ ... എടാ എല്ലാവരും തിരിച്ച് എത്തിയെന്ന് തോന്നുന്നു . എടാ എനിക്ക് പേടിയാവുന്നു . നമ്മൾ ഭക്ഷണം കഴിച്ചതുകൊണ്ട് കുറച്ചു പണമേ നമ്മുടെ കയ്യിലുള്ളൂ. എടാ ബോസ് വരുന്നുണ്ട് . എല്ലാവരും തിരിച്ച് എത്തിയില്ലേ ... എല്ലാവരും അവരവർക്ക് കിട്ടിയ പണം എടുക്കിം . എടാ അവർ വരുന്നുണ്ട് . ബോസ് ഇവർക്ക് രണ്ടുപേർക്കും കുറച്ച് പണമേ കിട്ടിയിട്ടൊള്ളൂ. ടാ... നിങ്ങൾ രണ്ടുപേരും ഇങ്ങോട്ട് വരൂ , ബാക്കിയുള്ളവർ പൊയ്ക്കോളൂ . ടാ...ബാക്കി പണം നിങ്ങൾ എന്താടാ ചെയ്തത് . ബോസ് ഇന്ന് ആകെ കുറച്ച് പണമേ കിട്ടിയുള്ളൂ. സത്യം പറയെടാ . ബോസ് ആകെ കുറച്ച് പണമേ കിട്ടിയുള്ളൂ.കുറച്ച് പണം കൊണ്ട് വിശന്നിട്ട് ഭക്ഷണം കഴിച്ചു. എന്താടാ പറഞ്ഞെ പുറത്തുപോയി ഭക്ഷണം കഴിച്ചോ....ഇതിനുള്ള ശിക്ഷ കൊടുത്തിട്ട് വിട്ടാൽ മതി 2 പേരേയും. അയ്യോ ചേട്ടാ തല്ലല്ലേ അവർ രണ്ടുപേരും നിലവിളിക്കാൻ തുടങ്ങി.അയ്യോ അയ്യോ ആരെങ്കിലും രക്ഷിക്കണേ ബോസ് 2 പേരുടേയും കാറ്റ് പോയന്നു തോന്നുന്നു.എങ്കിൽ ആ റോടു സൈടിലേക്ക് ഇട്ടേക്ക്.പിന്നെ ഞാൻ കണ്ണ് തുറന്നപ്പോൾ ആശുപത്രിയിലാണ്.ഏതോ നല്ലവനായ മനുഷ്യൻ എന്നെ റോടിൽ നിന്ന് എടുത്ത് ആശുപത്രിയിൽ എത്തിച്ചു.എന്റെ കൂട്ടുകാരൻ മരിച്ചു പോയിരുന്നു. അങ്ങനെയാണ് ഇ മഠത്തിൽ എത്തുന്നത്. അവിടെ എന്നെ ചേർക്കുകയും ചെയ്തു. ഇവിടത്തെ വലിയ സിസ്റ്റ എനിക്ക് അലൻ എന്നു പേരിട്ടു. വലിയ സിസ്റ്റക്ക് മാത്രമേ എന്നെക്കുറിച്ച് അറിയുകയൊള്ളൂ.അതുകൊണ്ടാണ് സിസ്റ്റർ അങ്ങനെയൊക്കെ പറയുന്നത്.ആലീസ് സിസ്റ്ററിന് എന്റെ ജീവിത അനുഭവം അറിയുമെങ്കിൽ എന്നോട് പറയുമായിരുന്നില്ല. ഞങ്ങൾ നടന്ന് നടന്ന് മഠത്തിൽ എത്താനായിരുന്നു.

റിസ്‌ല

# രണ്ട് കുരുന്നുകൾ

ഒരു ഗ്രാമത്ത് പാവപ്പെട്ട ഒരു സ്ത്രീയുണ്ടായിരുന്നു.അവളുടെ പേരാണ് രേവതിയമ്മ.വളരെ കഷ്ടപ്പാടും ദുരിതവും അനുഭവിച്ച് കഴിയുന്ന രേവതിയമ്മയ്ക്ക് രണ്ട് മക്കളുണ്ടായിരുന്നു.സുജിനും അനിതയും. അമ്മ വളരെ കഷ്ടപ്പെട്ടാണ് ജോലിക്ക് പോവാറ്.സുജിയും അനുവും വീട്ടിൽ ഒറ്റക്കായിരിക്കും ഉണ്ടാവുക.അവരുടെ അച്ഛൻ അവരെ നോക്കില്ല.രേവതിയമ്മയുടെ കഷ്ടകാലം തന്നെ,അവരുടെ അച്ഛൻ നല്ല വണ്ണം കള്ള് കുടിക്കും.കള്ള് കുടിച്ച് രേവതിയമ്മയേയും മക്കളേയും നല്ല വണ്ണം ഉപദ്രവിക്കും.രേവതിയമ്മ കഷ്ടപ്പെട്ട് ജോലി ചെയ്ത് ഉണ്ടാക്കുന്ന പണത്തുണ്ട് രാഗവൻ കള്ള് കുടിക്കുവാൻ വേണ്ടി രേവതിയമ്മയെ തല്ലി ആ പണത്തുണ്ട് മുഴുവനും കൊണ്ട് പോവും. രേവതിയമ്മയുടെ മക്കളെ സ്ക്കൂളിൽ ചേർക്കാൻ പ്രായമായി. അവർക്ക് വിദ്യഭ്യാസം നൽകണം എന്നാണ് രേവതിയമ്മയുടെ ആഗ്രഹം.പക്ഷേ ,മക്കളുടെ അച്ഛൻ കള്ളും കുടിച്ച്  നടക്കുന്നത് കൊണ്ട് രേവതിയമ്മയ്ക്ക് തന്റ മക്കളെ സ്ക്കൂളിൽ കൊണ്ട് പോയി ആക്കാൻ നേരം കിട്ടീട്ടില്ല.എപ്പോഴും എവിടെയെങ്കിലും പോയി അന്നാന്ന് കഴിക്കാനുള്ള ഭക്ഷണത്തിന് വേണ്ടി പണം സമ്പാദിക്കും. ഒരു ദിവസം രേവതിയമ്മയുടെ ഭർത്താവായ രാഗവൻ രാത്രിയായിട്ടും വരുന്നത് കാണാഞ്ഞിട്ട് രേവതിയമ്മയും മക്കളോടൊപ്പം ഉറങ്ങുകയായിരുന്നു.പെട്ടന്നാണ് ഒരാൾ ഓടി വന്ന് രേവതിയമ്മയെ വിളിക്കുന്നത്,രേവതി അമ്മ പേടിച്ച് വാതിൽ തുറന്ന് നോക്കിയപ്പോൾ അയൽ പക്കത്തുള്ള സുദുവായിരുന്നു. രേവതി അമ്മ അവനോട് എന്താ എന്ന് ചോദിച്ചപ്പോൾ സുദു ഓടി വന്ന് കിതപ്പോടെ  വാക്കുകളൊന്നും അവന് കിട്ടുന്നില്ല എന്നാലും അവൻ നുള്ളി പെറുക്കിപറഞ്ഞു രേവതിയമ്മേ... നിങ്ങളുടെ രാഗവേട്ടൻ ആ റോഡിൽ .......ആ റോഡിൽ..... എന്ന് പറഞ്ഞ് സുദു അവിടെ വരാന്തയിൽ ഇരുന്നു രേവതിയമ്മ അവനോട് വീണ്ടും ചോദിച്ചു, അപ്പോൾ അതാ കുറേ ആളുകൾ വീടിന്റെ മുമ്പിലേക്ക് ചൂട്ടും കത്തിച്ച് വരുന്നു അവരുടെ കയ്യിൽ ഒരാൾ ഉണ്ടായിരുന്നു. മുഖം രേവതിയമ്മ ശരിക്ക് കണ്ടില്ല അടുത്ത് എത്തിയപ്പോൾ അതാ രേവതിയമ്മ ഞെട്ടലോടെ വരാന്തയിൽ വീഴുന്നു.തന്റെ രാഗവേട്ടന്റ മൃതദേഹം. രേവതിയമ്മയുടെ മക്കൾ വാതിൽ പടിയിൽ ഒന്നും അറിയാതെ നിൽക്കുന്നുണ്ടായിരുന്നു. മുറ്റത്ത് കുറേ ആളുകൾ,സുജിയും അനുവും  എന്തൊക്കെയോ പറഞ്ഞ് അവരുടെ അമ്മയുടെ
അടുത്തേക്ക് ഓടിചെന്ന് കെട്ടിപിടിച്ച് അമ്മയെ ഉണർത്തുന്നു .അമ്മ ഉണർന്ന് തന്റെ മക്കളെ മാറോട് ചേർത്ത് ഒരുപാട് ചുംബനങ്ങൾ കൊടുത്തു. രാഗവേട്ടൻ അവരെ നോക്കീട്ടില്ലെങ്കിലും രേവതിയമ്മയ്ക്ക് രാഗവേട്ടനോട് നല്ല സ്നേഹമായിരുന്നു.തന്റെ മക്കൾ അച്ഛൻ ഇല്ലാത്ത കുട്ടികളായല്ലോ എന്ന് കരുതി രേവതിയമ്മ ചങ്ക് പൊട്ടി നിലവിളിച്ചു.അങ്ങനെ ദിവസങ്ങൾക്കു ശേഷം രേവതിയമ്മ വീണ്ടും ജോലിചെയ്യാൻ ഒരുക്കമായി. കുട്ടികളെ അയൽപക്കത്ത് ഏൽപ്പിച്ച് രേവതിയമ്മ ജോലിക്ക് പോവാൻ തയ്യാറായി. രേവതിയമ്മ അന്ന് ജോലി ചെയ്ത് വന്നപ്പോൾ കുട്ടികൾക്ക് സകൂളിൽ പോകാനുള്ള ബാഗും കുടയും കൊണ്ടാണ് വന്നത്. കൊണ്ട് വന്നത് കുട്ടികൾക്ക് കാണിച്ച് കൊടുത്തില്ലായിരുന്നു.
അന്ന് രാത്രി രേവതിയമ്മ കുട്ടികളെ വിളിച്ച് ഭക്ഷണം കഴിപ്പിച്ച് സ്നേഹത്തോടെ വിളച്ച് കൊണ്ട് പറഞ്ഞു:അമ്മയുടെ പ്രിയപ്പെട്ട മക്കളെ നിങ്ങളെ ഞാൻ നാളെ സ്കൂളിൽ ചേർക്കുകയാണ്.ഇത് കേട്ടതും സുജുവും അനുവും തുള്ളിച്ചാടി.അന്ന് അവർ മൂന്ന് പേരും സന്തോഷത്തോടെ കെട്ടിപിടിച്ച് കിടന്നു.സുജുവിന്റെയും അനുവിന്റെയും മനസ്സിൽ നാളെ ഒന്ന് ആയെങ്കിൽ എന്നായിരുന്നു.പക്ഷേ,അവരുടെ രണ്ടാളുടെയും മനസ്സിൽ അച്ഛൻ ഞങ്ങളോടൊപ്പം ഇല്ലല്ലോ എന്ന സങ്കടമായിരുന്നു. അങ്ങനെ നേരം പുലർന്നപ്പോൾ സുജുവും അനുവും ഉച്ചത്തിൽ നിലവിളിക്കുന്നു.അയൽ പക്കത്തുള്ള ആളുകൾ ഓടി

വന്നു, എന്താ കുട്ടികളെ നിങ്ങൾ നിലവിളിക്കുന്നത്?അമ്മ എവിടെ?സുജുവും അനുവും ഒന്നും മിണ്ടിയില്ല. അവർ രണ്ടു പേരും അകത്തേക്ക് ചൂണ്ടി കാട്ടി.ആളുകൾ അവിടേക്ക് ചെന്നു.അപ്പോൾ അതാ ആപാവം രേവതിയമ്മ മരിച്ചു കിടക്കുന്നു. സങ്കടത്തിന്റ ആഴക്കടലിൽ മുങ്ങിപ്പോയ സുജുവിനെയും അനുവിനെയും സമാധാനിപ്പിക്കാൻ ആരും ഇല്ല.അച്ഛനോ അമ്മയോ ആരും. അവർ തന്റെ അമ്മ വാങ്ങിക്കൊടുത്ത ബാഗിനെയും കെട്ടി പിടിച്ച് കരഞ്ഞു.അങ്ങനെ ദിവസങ്ങൾക്കു ശേഷം സുജുവിനെയും അനുവിനെയും ആരൊക്കയോ ചേർന്ന് സ്ക്കൂളിൽ ചേർത്തി അങ്ങനെ അവർ രണ്ടു പേരും അമ്മയുടെ ആഗ്രഹം പോലെ സ്ക്കൂളിലേക്ക് യാത്രയായി തുടർന്നു.

അർഷിദ

9G

# എഴുത്തുകാരൻ

എഴുത്തുകാരന്റെ ഹൃദയ
മിടിപ്പാണ് ഭാവന
അവന്റെ സമരമാണ്
വായന
അനീതീക്കെതിരെ ചലിക്കുന്നു
അവന്റെ പേന
ദരിദ്രനും മർദ്ദിതനും
പൊരാടാനുള്ള ഊർജം
അവൻ നൽകുന്നു.
സ്നഹവും പ്രേമവും
അവനിൽ വിരിയുന്നു
ദുഃഖവും വിരഹവും അവന്
വാക്കുകളായി മാറുന്നു
ഒടുവിൽ അവനൊരു അവാർഡ്
ലഭിക്കുന്നു.
അസ്വതന്ത്രനായി തീരുന്നു.
അവന്റെ പേനയ്ക്ക്
ചങ്ങല വീഴുന്നു.
എഴുതുമ്പോൾ കൂടുതൽ ആലോചിക്കേണ്ടി വരുന്നു.

ഹിബാ നസ്റിൻ

9A

# തെരുവിൽ നിന്ന് കൊട്ടാരത്തിലേക്ക്

ഫാത്തിമത്ത് റിസ്‌ല

ഒരു മൃദുലമായ അന്തരീക്ഷം. അവിടെ നിറയെ ആൾക്കൂട്ടങ്ങൾ . അതിനെ ഒന്നും തിരിഞ്ഞ് നോക്കാതെ മനു മുന്നോട്ട് നടന്നു . തെരുവിൽ നിറയെ തെരുവ് നായകൾ . അവൻ ആ നായകളെ കണ്ട് പരിഭ്രമിച്ചില്ല. അവൻ ആ റോഡിലൂടെ നടന്ന് പോകുമ്പോൾ കുട്ടികൾ അവനെ കളിയാക്കി ചിരിക്കാറുണ്ട്. പക്ഷേ അവൻ അവരെയൊന്നും നോക്കാതെ നടന്നു . അവന്റെ മനസ്സിൽ സങ്കടമെല്ലാം ഉണ്ടായിരുന്നു .പക്ഷേ അവന്റെ അമ്മയും അച്ഛനും ഉപേക്ഷിച്ച് പോയാൽ പിന്നെ ഞാൻ എന്ത് ചെയ്യനാണ് എന്ന് അവൻ എപ്പോഴും ചിന്തിക്കാറുണ്ട് . കിട്ടുന്ന ആഹാരത്തിനായി അവൻ ഒരുപാട് കെഞ്ചേണ്ടി വന്നിട്ടുണ്ട് .ഒരു ദിവസം അവൻ നടന്ന പോവുമ്പോഴാണ് ഒരു അനുഗ്രഹം അവനെ തലോടിയത് . ഒരു നല്ല മനസ്സുള്ള ഒരു മനുഷ്യന് അവനെ കണ്ട് സഹതാപം തോന്നി . അവനോട് കാര്യങ്ങൾ തിരക്കി അയാളുടെ വീട്ടിലേക്ക് വരാനാവശ്യപ്പട്ടു . സന്തോഷ പൂർവം അവൻ സമ്മതിച്ചു .അത് അവന്റെ അമ്മാവനായിരുന്നു. വർഷങ്ങാളായി കാണാതായ അനിയത്തിയുടെ ഏകമകൻ . അവൻ അവരുടെ വീട്ടിൽ പോയി . അവിടെ ചെന്നപ്പോൾ അവന്റെ അച്ഛനും അമ്മയും അവൻ ആകെ അന്തംവിട്ട്പ്പോയി . ചെറുപ്പത്തിൽ എന്നോ ഓർമ്മയുള്ള വീട് . അകത്തേക്ക് കേറാൻ അവനോട് ആവശ്യപ്പെട്ടു. അവൻ അകത്തേക്ക് കയറി . കണ്ണീരോടെ നിൽക്കുന്ന ഒരു സ്ത്രീയെ അവൻ കണ്ടു. പിന്നെ ആ സ്ത്രീയെ സമാധാനിപ്പിക്കുന്ന ഒരു മനുഷ്യനെയും അവൻ കണ്ടു. അത് അവന്റെ അച്ഛനും അമ്മയും ആയിരുന്നു. അവന്റെ അമ്മാവനോട് കാര്യങ്ങൾ പറഞ്ഞു. അവനെ കെട്ടിപിടിച്ചു കൊണ്ട് അമ്മയും അച്ഛനും പറഞ്ഞു. ഞങ്ങൾ നിന്നെ ഉപേക്ഷിച്ചതല്ല മോനെ. ആ തിരക്കിനിടയിൽപ്പെട്ട് കുറേ നേരത്തിൻ ശേഷമാണ് ഞങ്ങൾ കണ്ണിരോടെ വീട്ടിലേക്ക് മടങ്ങിയത്. എന്തായാലും എന്റെ മോനെ തിരിച്ച്കിട്ടിയല്ലൊ അതാണ് ഏറ്റവും വലിയ ഭാഗ്യം . ഇന്നത്തെ ദിവസത്തിന്റെ പ്രേത്യേകത മോന് അറിയുമോ . അപ്പോൾ അവൻ പറഞ്ഞു:

ഇല്ലമ്മേ . അപ്പോൾ അവന്റെ അമ്മ പറഞ്ഞു ഇന്ന് മോന്റെ പിറന്നാളാണ് . അവൻ തുള്ളിച്ചാടി . അവന്റെ കുടുംബത്തിലെ എല്ലാവരെയും അയൽ വാസികളെയും വിളിച്ചു. വലിയ ആഘോഷമാക്കി. അവന്റെ ജീവിതം ആകെ മാറിപ്പോയി . ഇതിനു ശേഷം ഒരു കുട്ടികളും അവനെ കളിയാക്കിട്ടില്ല. അവനെ സ്കൂളിൽ ചേർത്തു . ഇപ്പോൾ അവൻ സന്തോഷത്തോടെയാണ് ജീവിതം തള്ളി നീക്കുന്നത്.

***ആഷില***

# ഭാരതത്തിന്റെ മരണം

നിദ

എന്റെ  ഭാരതമാതാവേ  ഞാൻ എങ്ങനെ മിണ്ടാണ്ടിരിക്കും
ഇരുട്ടാണിവിടെ മുഴുവനും
അന്ധകാരത്തിന്റെ  നീർച്ചുഴിയിൽ ഇന്ത്യയുടെ അല്ല
ഹിന്ദുസ്ഥാനിന്റെ നിലവിളികൾ ഉയർന്നുവോ.....
ഇവിടെ നദികൾ വഹിക്കുന്നത് വെള്ളമല്ല
പാവപ്പെട്ടവന്റെ ചങ്ക് വിഴിഞ്ഞ രക്തമാണ്
മനുഷ്വത്വം മണ്ണിലടിഞ്ഞ ഭാരതീയർ
മൃഗങ്ങളേക്കാൾ ക്രൂരതയോ?

ഇവിടെ ശബ്ദിക്കുന്നവന്റെ  തൊണ്ട
വെട്ടിപിളർക്കാൻ കഠാരയും കോടാലിയും
സൗജന്യമാണ് സത്യം വിളിച്ചു പറയേണ്ടവർ,സത്യം കുഴിച്ചു മൂടുന്നു.

ബഹുമാനപ്പെട്ട കോടതി ക്ഷമിക്കണം നിന്നെയല്ല
നീ പാലൂട്ടി വളർത്തിയ നായകളാണ്
സത്യങ്ങൾ പുറത്തു പറയാൻ എന്റെ
മനസാക്ഷി വീർപ്പുമുട്ടി
എന്റെ ഭാരതമാതാവേ ഞാൻ എങ്ങനെ മിണ്ടാണ്ടിരിക്കും

# സോഷ്യൽ മീഡിയ

*വിവിധ രാജ്യങ്ങളിൽ കിടക്കുന്ന അനേകം കമ്പ്യൂട്ടറുകളെ കോർത്തിണക്കി ഉണ്ടാക്കിയ ഒരു പുതിയ ആശയം വിനിമയ സംവിധാനത്തെയാണ് നാം ഇന്റർനെറ്റ് എന്നു പറയുന്നത്. അമേരിക്കൻ പ്രതിരോധ വകുപ്പിന്റെ മേധാവികളുടെ കുശാഗ്രബുദ്ധിയിൽ നിന്നാണ് യഥാർത്ഥത്തിൽ ഇന്റർനെറ്റിന്റെ തുടക്കം . 1957 ൽ അഡ്വാൻസ്ഡ് റിസേർച്ച് പ്രോജക്ട് ഏജൻസി നെറ്റുനർക്ക് ആർപ്പനെറ്റ് എന്ന ഗവേഷണ കാര്യാലയം രൂപംകൊണ്ടു . പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള എല്ലാ കമ്പ്യൂട്ടറുകളെയും കോർത്തിണക്കിനിനരങ്ങൾ അന്യോന്യം കൈമാറുന്ന രീതിയായിരുന്നു ആദ്യം അവലംബിച്ചിരുന്നത്." ഡാർപ്പയിൽ " ഉദ്യോഗസ്ഥനായിരുന്ന വിന്റൺജി സെർഫ് എന്ന കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്റെ ഫലമായാണ് ഇന്നത്തെ രൂപത്തിലുള്ള ഇന്റർനെറ്റ് ഉണ്ടായത്. അതിനാൽ അദ്ദേഹം ഇന്റർനെറ്റിന്റെ പിതാവെന്നറിയപ്പെടുന്നു . ശബ്ദങ്ങളും ചിത്രങ്ങളും ഉപയോഗിക്കുവാൻ സാധിച്ചതോടെ 1990 കളുടെ തുടക്കത്തിൽ ഇന്റർനെറ്റ് കൂടുതൽ ആസ്വാദ്യകരവും ജനകീയവുമായി.*

*സോഷ്യൽ മീഡിയയിൽ ഗുണവും , പോരായ്മയും ഉണ്ട്. നഷ്ടപ്പെട്ട സുഹൃത്തുക്കളെ തിരികെ കൊണ്ടുവരുവാനും പുതിയ സുഹൃത്തുക്കളെ കണ്ടെത്താനും സഹായിക്കുകയും , ചടങ്ങുകൾ ഭംഗിയായി നടത്തുവാനും അതിൽ ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കാനും സഹായികികുന്നു , വ്യാവസായ സ്ഥാപനങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ ജനഹൃദയങ്ങളിലേക്ക് എത്തിക്കുവാൻ സഹായിക്കുന്നു , സാമൂഹിക - സാംസ്ക്കാരിക - രാഷ്ട്രീയ വിഷയങ്ങളിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും അതുവഴി ഒരു സാമൂഹിക ബോധം നിലനിർത്തുവാനും സഹായിക്കുന്നു . എന്നിവ കൂടാതെ വിവരങ്ങൾ കണ്ടെത്തുക , ഓൺലൈൻവാണിജ്യം, വിവിധ ബില്ലുകൾ അടക്കുക , ഇ- മെയിൽ അയക്കുവാനും സ്വീകരിക്കുവാനും , സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിലെ കൂട്ടായ്മകളിൽ പങ്കെടുക്കുക തുടങ്ങിയ കാര്യത്തിനായി നമ്മൾ ഇന്റർനെറ്റ് നിത്യവും ഉപയോഗിക്കുന്നു .*

*സോഷ്യൽ മീഡിയയിലെ സൈറ്റുകളിൽ നിന്നും വ്യക്തിപരമായ വിവരങ്ങൾ ചേർത്തിയെടുത്തുകൊണ്ട് ഒരാളുടെ സ്വകാര്യത്തിലേക്ക് കടന്നുകയറുവാൻ സാധിക്കുന്നു അതുപോലെ തന്നെ ഇത്തരം സൈറ്റുകളിൽ അടിമയായി തീർന്നാൽ അത് മാനസ്സിക നിലയെതന്നെ ബാധിക്കുവാൻ സാധ്യതയുണ്ട്. അത് പിന്നീട് ' ഡിപ്രഷനിലേക്ക് ' വഴിതെളിക്കുവാനും കുട്ടികളുടെ പടനത്തെയും മറ്റും ദോഷമായി ബാധിക്കുവാനും ഇടയുണ്ട്, സോഷ്യൽ മീഡിയയിലൂടെ വാർത്തകൾ പെട്ടന്ന് പരക്കുമെന്നതിനാൽ സമൂഹത്തിന് ദോഷകരമായ വാർത്തകളും പ്രചരിക്കുവാനുള്ള സാധ്യതയും വളരെ കൂടുതലാണ്. ഇവ സോഷ്യൽ മീഡിയയുടെ പരിമിതികളാകുന്നു .*

***സോഷ്യൽ മീഡിയയിലെ ഗുണവും , ദോഷവും മനസ്സിലാക്കി അത് ആവിശ്യാനുസരണം നമ്മൾ ഉപയോഗിക്കണം . ഗുണങ്ങൾ സമൂഹത്തെ മാറ്റുന്നില്ല എന്നാൽ ദോഷങ്ങൾ വ്യക്തിയെയും സമൂഹത്തെയും ബാധിക്കുന്നു എന്നോർക്കുക .***

# വായനയും വിദ്യാർത്ഥിയും

തെൻവീറ, സുഹാൻ,സിനാന്,

ഒരു വിദ്യാർത്ഥി ഭാവിയുടെ വാഗ്ദാനമാണ്. ഒരു കുടുബത്തിന്റെ , ഒരു സമൂഹത്തിന്റെ , ഒരു രാജ്യത്തിന്റെ പ്രതീക്ഷയാണ് അവൻ . ഇന്നത്തെ വിദ്യാർത്ഥി നാളത്തെ ഉത്തരവാദിത്ത്വമുള്ള പൗരനാണ് .നാളെ ഒരു രാജ്യത്തിന്റെ നെട്ടം ളുണാവാൻ അവനെ സുസജ്ജമാകുന്നത് അറിവ് എന്ന വജ്രായുധമാണ്.അത് നേടാൻ പരന്ന വായനയാണ് അവനെ പര്യാപ്തമാകുന്നത്.

ഒരു വിദ്യാർത്ഥി പാഠപുസ്തകം മാത്രം പഠിച്ചാൽ മതിയെന്നതാണ് പൊതുധാരണ .ഇത് ശരിയല്ല. ഒരു വിദ്യാർത്ഥി തന്റെ ശാരീരകമായ വളർച്ചയ്ക്ക് ഉതകും വിധം മാനസികമായും വളർച്ച പ്രാപിക്കണം. തുടർച്ചയായ വായന അവനിൽ പക്വത വളർത്തുന്നു. വായന അറിവിന്റെ മാസ്മര ലോകത്തേക്കാമ് നയിക്കുന്നത്. അത് അയാളെ സ്വയം അറിയാൻ സഹായിക്കുന്നു. മാത്രമല്ല അവന്റെ വ്യക്തിത്തത്തെ രൂപപെചുത്തുകയും ചെയ്യുന്നു.സോഷ്യൽ മീഡിയയും,മറ്റും കണ്ട് പാഴാകാനുള്ളതല്ല,അവന്റെ ബോധം മൽസരം നിറഞ്ഞ ഈ ലോകത്ത് വായന അവനെ നേറിട്ടു നിർത്തും.അറിവിന്റെ ചക്രവാളം കീഴടക്കാൻ സഹായിക്കുകയും ചെയ്യും.

*എത്ര വായിക്കുന്നു എന്നതിലും പ്രധാനമാണ് എന്ത് വായിക്കുന്നു എന്ന് .മനുഷ്യന് സദ്ബുദ്ധി ഉപദേഷിക്കുന്ന പുസ്തകങ്ങളാവണം ഒരു വിദ്യാർതഥിയുടെ തോഴർ . വായനയുടെ ലഹരി പിടിച്ച ഒരുവന് വായന ഉപേക്ഷിക്കാൻ കഴിയില്ല. താൻ വളരുന്നതോടപ്പം തന്റെ വായനയും വളരുന്നത് ്വന് മനസ്സിലാക്കാൻ കഴിയും. പാഠപുസ്തകങ്ങൾ മാത്രം പഠിച്ച് തന്റെ ഇടുങ്ങിയ ലോകത്ത് ചടഞ്ഞു കൂടാൻ അവൻ കഴിയില്ല .തന്റെ ചുറ്റുപാടു എന്താണ് നടക്കുന്നതെന്നറിയാൻ കണ്ണും കാതും കൂർപിച്ച് , ഒരു ചോരനും കവരാൻ സാധിക്കാത്ത കൊടുക്കുന്തോറും വർധിക്കുന്ന ധനം അവൻ സദാ സമ്പാദിച്ചു കൊണ്ടിരിക്കും. അതെ , വിദ്യയെന്ന മഹാ ധനം.*

# ഓർമകളുടെ ഇതളുകൾ

**അജിൻഷ. പി**

*വിരഹങ്ങൾ തോരാതെ*
*എൻ മിഴികളിൽ*
*തങ്ങി നിൽക്കവെ*
*ആരാരുമില്ലാ നേരം*
*ഏകയായി....*
*ഞാനാ മരച്ചുവട്ടിൽ*
*നിദ്ര പ്രാപിക്കവെ*
*ആ നേരം ....*
*ഏതോ ഒരീശ്വരനെ*
*പ്പോലെ വന്നെൻ*
*മിഴികൾ തുടക്കുന്നതാരോ*
*പ്രകൃതി തൻ വരദാനമോ......?*
*ആ കരങ്ങൾ എന്നെ*
*തലോടുന്ന നേരം*
*മനസ്സിൽ കുളിരേകുന്നു*
*എൻ വിരഹങ്ങളതാ*
*കാറ്റിൽ മൗനമായി*
*എങ്ങോ പോയകലുന്നു.*

*അർഷിയ.പി*

# സൗഹൃദം

ആയിഷ ഹന, അജിൻഷ, റിൻഷ, ഹിബ.

പുറത്ത് നല്ല മഴ. ഭയങ്കര തണുപ്പ്. മരങ്ങൾ എല്ലാം ആടുകയാണ്. താഴെ ഭൂമിയിലെ മണ്ണിന്റെ സുഗന്ധം. പതിവുപോലുള്ള പക്ഷികളുടെ കരച്ചിലെല്ലാം കുറവാണ്. മഴയായത് കൊണ്ടാവാം. എത്ര സമയം കഴിഞ്ഞിട്ടും അബിക്ക് എഴുന്നേൽക്കാൻ തോന്നിയില്ല. അമ്മ വന്ന് വിളിച്ചിട്ടും കുറച്ചുകൂടി കഴിയട്ടെ എന്നും പറഞ്ഞ് വീണ്ടും പുതച്ച് മൂടികിടന്നു. അമ്മയുടെ വിളി ആവർത്തിച്ചപ്പോൾ നിവർത്തിയില്ലാതെ അവൻ എഴുന്നേറ്റു. ചുമരിലെ ക്ലോക്കിലേക്ക് നോക്കി, സമയം 7 മണി. അവൻ മടിയോടുകൂടി പ്രഭാത കൃത്യങ്ങൾ ചെയ്തു. എല്ലാം കഴിഞ്ഞ ശേഷം അവൻ അടുക്കളയിലേക്ക് ചെന്നു. അബി വരുന്നത് കണ്ട് അമ്മ: ഹെ എഴുന്നേറ്റോ എത്രനേരമായി വിളിക്കുന്നു. വേഗം ചായ കുടിച്ച് സ്കൂളിൽ പോവാൻ നോക്ക് , വണ്ടി ഇപ്പോൾ വരും. അഞ്ചാം ക്ലാസിൽ എത്തിയെന്ന് ഒരു ബോധവുമില്ല. ചെറിയ കുട്ടിയാണെന്നാ വിചാരം. ഇതു കേട്ട അബിക്ക് വല്ലാതെ ഭാവമാറ്റം ഒന്നും ഉണ്ടായില്ല. കാരണം അതെന്നും പതിവാണ് . അവൻ ഹാളിൽ ചെന്നിരുന്നു. അമ്മ ചായ കൊണ്ടു വന്നു കൊടുത്തു. അബി : ഇന്നും ഇതുതന്നെയാണോ ? ഈ അമ്മക്ക് വേറെ ഒന്നും ഉണ്ടാക്കാൻ അറിയില്ലേ. , അപ്പോഴേക്കും അമ്മ അടുക്കളയിൽ എത്തിയിരുന്നു. കുറച്ച് കഴിച്ചതിന് ശേഷം ബാക്കിയുള്ളത് വീടിന്റെ അടുത്തുള്ള മരത്തിന് താഴെ ഇട്ടു. വേഗം കസേരയിൽ ചെന്നിരുന്നു. കുറച്ചുനേരം അങ്ങനെയിരുന്ന് പാത്രം അടുക്കളയിൽ കൊണ്ടു വെച്ചു. അമ്മ : നീ മൊത്തം തിന്നോടാ , ഹും..... അബി മെല്ലെ ഒന്ന് മൂളി അവിടെനിന്നും സ്ഥലം വിട്ടു. ചോറ്റു പാത്രം ബാഗിലിട്ട് തീരും മുമ്പേ പുറത്ത് നിന്ന് ബസ്സിന്റെ ഉച്ചത്തിലുള്ള ഹോൺ കേട്ടു. അമ്മയോട് ഒന്നും പറയാതെ അവൻ വേഗം പോയി. തന്റെ കൂട്ടുകാരോട് സംസാരിച്ച് കൊണ്ടായതിനാൽ സ്കൂളിൽ പെട്ടെന്ന് എത്തിയത്പോലെ തോന്നി. ഓരോരുത്തരായി വണ്ടിയിൽ നിന്നും ഇറങ്ങി അവരവരുടെ ക്ലാസിലേക്ക് തിരിച്ചു .പക്ഷേ അബി വണ്ടിക്കടുത്ത് തന്നെ നിന്നു.എല്ലാവരും ഇറങ്ങിത്തീരും വരെ . കാരണം ആ ബസ്സിൽ തന്നെ അവന്റെ ഒരു കൂട്ടുകാരൻ ഉണ്ടായിരുന്നു, വിനു. പക്ഷേ അവൻ വിനുവിനെ കണ്ടില്ല . അബിക്ക് ഒരുപോലെ സങ്കടവും കുറ്റബോദവും തോന്നി. കാരണം ബസ്സിൽ ഇരുന്നപ്പോൾ അവൻ വിനുവിനെ അന്വേഷിച്ചിരുന്നില്ല . അന്ന് അവൻ തനിച്ച് ക്ലാസിൽ കേറി ചെന്നു . അബി ക്ലാസിൽ മുഴുവനും നോക്കി.പക്ഷേ വിനുവിനെ കണ്ടില്ല . അബിക്ക് അന്ന് വല്ലാത്ത ഒറ്റപ്പെടൽ തോന്നി. വളരെ കഷ്ട്പ്പെട്ട് ആ ദിവസം അവൻ തീർത്തു. തുടർന്ന രണ്ട് ദിവസവും വിനുവിന് കാണാത്തതിനാൽ അവന്റെ വീട്ടിൽ പോകാൻ തീരുമാനിച്ചു. അന്ന് സ്കൂൾ വിട്ട് അമ്മയുടെ അനുവാദത്തോട് കൂടി വിനുവിന്റെ വീട്ടിലേക്ക് പുറപ്പെട്ടു .വിനുവിന്റെ വീടിന് കുറച്ച് ദൂരെ നിന്ന് തന്നെ അവൻ ഉമ്മറത്തിരിക്കുന്നത് കണ്ടു. അടുത്ത് എത്തിയപ്പോൾ അബിക്ക് മനസ്സലായി വിനു ഭയങ്കര സങ്കടത്തിലാണെന്ന്. അവന്റെ വാടിയ മുഖം കണ്ട് അബിക്ക് സങ്കടം വന്നു. പക്ഷെ അവനത് പുറത്ത് കാണിച്ചില്ല. അബിയെ കണ്ട വിനുവിന് സന്തോഷം തോന്നി. ആദ്യം തന്നെ അബി അവൻ എന്തുകൊണ്ടാണ് ക്ലാസിൽ വരാത്തത് എന്ന് അന്വേഷിച്ചു. അപ്പോൾ വിനു പറഞ്ഞു:അമ്മക്ക് തീരെ സുഖമില്ല. അച്ഛൻ രാവിലെ പണിക്ക് പോകും. പിന്നെ അമ്മ ഒറ്റക്കാണ്. അതുകൊണ്ട് അമ്മക്ക് സുഖമാകുന്നത് വരെ സ്കൂളിൽ പോകേണ്ടാന്ന് അച്ഛൻ പറഞ്ഞു. അബി ചോദിച്ചു : അമ്മക്ക് എന്ത് പറ്റി ? വിനു : നല്ല പനിയുണ്ട് . ആശുപത്രിയിൽ പോവാനാണെങ്കിൽ കാശുമില്ല. ഇതു കേട്ട അബിക്ക് സങ്കടം

സഹിക്കാനായില്ല. അവൻ  വേഗം യാത്രപറഞ്ഞ് വീട്ടിലേക്ക് തിരിച്ച .തിരിച്ചപോരുമ്പോൾ അവന്റെ മനസ്സ് വിനവിന്റെയും അവന്റെയും കുടുംബത്തേയും പറ്റിയായിരുന്ന .വീട്ടിലെത്തിയ അബി കാര്യങ്ങളെല്ലാം അമ്മയോട് പറഞ്ഞു .വിനവിനെ സഹായിക്കാനായി കുറച്ച പണവും ആവശ്യപ്പെട്ടു .ഇതു കേട്ട അമ്മയുടെ സന്തോഷം അടക്കാനായില്ല .പിറ്റേ ദിവസം അവൻ അമ്മ കൊടുത്ത കാശുവായി വിനവിന്റെ വീട്ടിലെത്തി .അബിയുടെ ആ അപ്രതീക്ഷിത വരവിൽ അവൻ സന്തോഷിച്ച .വീട്ടിലെത്തിയ അബി അമ്മയെ കുറിച്ചന്വോഷിച്ച . കുറച്ചനേരം അവിടെ ചിലവഴിച്ച .അമ്മയെ ആശുപത്രിയിൽ  കൊണ്ട് പോവാൻ പറയുകയും അതിനായി കുറച്ച പ ണം നൽകുയും ചെയ്‌തു . അവരുടെ വരവിലും സഹായത്തിലും ആ കുടുംബം സന്തോഷിച്ച .വിന അവനെ വാരിപുണരുകയും ചുംബനങ്ങൾ അർപ്പിക്കുകയും ചെയ്തു . അബി തിരിച്ചപോന്ന ശേഷം  അന്ന് തന്നെ ആശുപത്രിയിൽ കൊണ്ടുപോയി . രണ്ട് ദിവസം കഴിഞ്ഞ് വിന ക്ലാസിൽ വന്നു. അബി അവനോട് കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു. വിന അമ്മയുടെ അസുഖം മാറിയ കാര്യം അറിയിച്ച . അബിക്ക് വളരെ അധികം സന്തോഷമായി . അവർ കെട്ടിപിടിച്ച.........

ആയിഷ ഹന .

പുറത്ത് നല്ല മഴ. ഭയങ്കര തണുപ്പ്. മരങ്ങൾ എല്ലാം ആടുകയാണ്. താഴെ ഭൂമിയിലെ മണ്ണിന്റെ സുഗന്ധം. പതിവുപോലുള്ള പക്ഷികളുടെ കരച്ചിലെല്ലാം കുറവാണ്. മഴയായത് കൊണ്ടാവാം. എത്ര സമയം കഴിഞ്ഞിട്ടും അബിക്ക് എഴുന്നേൽക്കാൻ തോന്നിയില്ല. അമ്മ വന്ന് വിളിച്ചിട്ടും കുറച്ചുകൂടി കഴിയട്ടെ എന്നും പറഞ്ഞ് വീണ്ടും പുതച്ച് മൂടികിടന്നു. അമ്മയുടെ വിളി ആവർത്തിച്ചപ്പോൾ നിവർത്തിയില്ലാതെ അവൻ എഴുന്നേറ്റു. ചുമരിലെ ക്ലോക്കിലേക്ക് നോക്കി, സമയം 7 മണി. അവൻ മടിയോടുകൂടി പ്രഭാത  കൃത്യങ്ങൾ ചെയ്തു. എല്ലാം കഴിഞ്ഞ ശേഷം അവൻ അടുക്കളയിലേക്ക് ചെന്നു. അബി വരുന്നത് കണ്ട് അമ്മ:  ഹെ എഴുന്നേറ്റോ എത്രനേരമായി വിളിക്കുന്നു. വേഗം ചായ കുടിച്ച് സ്കൂളിൽ പോവാൻ നോക്ക് , വണ്ടി ഇപ്പോൾ വരും. അഞ്ചാം ക്ലാസിൽ എത്തിയെന്ന് ഒരു ബോധവുമില്ല. ചെറിയ കുട്ടിയാണെന്നാ വിചാരം. ഇതു കേട്ട അബിക്ക് വല്ലാതെ ഭാവമാറ്റം ഒന്നും ഉണ്ടായില്ല. കാരണം അതെന്നും പതിവാണ് . അവൻ ഹാളിൽ ചെന്നിരുന്നു. അമ്മ ചായ കൊണ്ടു വന്നു കൊടുത്തു. അബി : ഇന്നും ഇതുതന്നെയാണോ ? ഈ അമ്മക്ക് വേറെ ഒന്നും ഉണ്ടാക്കാൻ അറിയില്ലേ. , അപ്പോഴേക്കും അമ്മ അടുക്കളയിൽ എത്തിയിരുന്നു. കുറച്ച് കഴിച്ചതിന് ശേഷം ബാക്കിയുള്ളത് വീടിന്റെ അടുത്തുള്ള മരത്തിന് താഴെ ഇട്ടു. വേഗം കസേരയിൽ ചെന്നിരുന്നു. കുറച്ചനേരം അങ്ങനെയിരുന്ന് പാത്രം അടുക്കളയിൽ കൊണ്ടു വെച്ചു. അമ്മ :  നീ മൊത്തം തിന്നോടാ , ഹും..... അബി മെല്ലെ ഒന്ന് മൂളി അവിടെനിന്നും സ്ഥലം വിട്ടു. ചോറ്റു പാത്രം ബാഗിലിട്ട് തീരും മുമ്പേ പുറത്ത് നിന്ന് ബസ്സിന്റെ  ഉച്ചത്തിലുള്ള ഹോൺ കേട്ടു. അമ്മയോട് ഒന്നും പറയാതെ അവൻ വേഗം പോയി. തന്റെ  കൂട്ടുകാരോട് സംസാരിച്ച് കൊണ്ടായതിനാൽ സ്കൂളിൽ പെട്ടെന്ന് എത്തിയത്പോലെ തോന്നി. ഓരോരുത്തരായി വണ്ടിയിൽ നിന്നും ഇറങ്ങി അവരവരുടെ ക്ലാസിലേക്ക് തിരിച്ച .പക്ഷേ  അബി വണ്ടിക്കടുത്ത് തന്നെ നിന്നു.എല്ലാവരും ഇറങ്ങിത്തീരും വരെ . കാരണം ആ ബസ്സിൽ തന്നെ അവന്റെ ഒരു കൂട്ടുകാരൻ ഉണ്ടായിരുന്നു, വിനു. പക്ഷേ അവൻ വിനുവിനെ കണ്ടില്ല . അബിക്ക് ഒരുപോലെ സങ്കടവും കുറ്റബോദവും തോന്നി. കാരണം  ബസ്സിൽ ഇരുന്നപ്പോൾ അവൻ വിനുവിനെ അന്വേഷിച്ചിരുന്നില്ല . അന്ന് അവൻ തനിച്ച് ക്ലാസിൽ കേറി ചെന്നു . അബി ക്ലാസിൽ മുഴുവനും നോക്കി.പക്ഷേ വിനുവിനെ കണ്ടില്ല . അബിക്ക് അന്ന് വല്ലാത്ത ഒറ്റപ്പെടൽ

തോന്നി. വളരെ കഷ്ട്പ്പെട്ട് ആ ദിവസം അവൻ തീർത്തു. തുടർന്ന രണ്ട് ദിവസവും വിനുവിന് കാണാത്തതിനാൽ അവന്റെ വീട്ടിൽ പോകാൻ തീരുമാനിച്ചു. അന്ന് സ്കൂൾ വിട്ട് അമ്മയുടെ അനുവാദത്തോട് കൂടി വിനുവിന്റെ വീട്ടിലേക്ക് പുറപ്പെട്ടു .വിനുവിന്റെ വീടിന് കുറച്ച് ദൂരെ നിന്ന് തന്നെ അവൻ ഉമ്മറത്തിരിക്കുന്നത് കണ്ടു. അടുത്ത് എത്തിയപ്പോൾ അബിക്ക് മനസ്സലായി വിനു ഭയങ്കര സങ്കടത്തിലാണെന്ന്. അവന്റെ വാടിയ മുഖം കണ്ട് അബിക്ക് സങ്കടം വന്നു. പക്ഷെ അവനത് പുറത്ത് കാണിച്ചില്ല. അബിയെ കണ്ട വിനുവിന് സന്തോഷം തോന്നി. ആദ്യം തന്നെ അബി അവൻ എന്തുകൊണ്ടാണ് ക്ലാസിൽ വരാത്തത് എന്ന് അന്വേഷിച്ചു. അപ്പോൾ വിനു പറഞ്ഞു:അമ്മക്ക് തീരെ സുഖമില്ല. അച്ഛൻ രാവിലെ പണിക്ക് പോകും. പിന്നെ അമ്മ ഒറ്റക്കാണ്. അതുകൊണ്ട് അമ്മക്ക് സുഖമാകുന്നത് വരെ സ്കൂളിൽ പോകേണ്ടാന്ന് അച്ഛൻ പറഞ്ഞു. അബി ചോദിച്ചു : അമ്മക്ക് എന്ത് പറ്റി ? വിനു : നല്ല പനിയുണ്ട് . ആശുപത്രിയിൽ പോവാനാണെങ്കിൽ കാശുമില്ല.

## ഈ മാകസിനുമായി സഹകരിച്ച എല്ലാവർക്കും നന്ദി

by

**എഡിറ്റർ**